"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പ് - ടൗൺ പ്ലാനർ ശ്രീമതി.ജയശ്രീ.വി.കെ - ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1372/2021/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 21/07/2021

---

പരാമർശം:-
1. 20.05.2020 തീയതിയിലെ സ.ഉ(സാധാ) നം.927/2020/ത.സ്വ.ഭ.വ ഉത്തരവ്.
2. മുഖ്യനഗരാസൂത്രകന്റെ 24.03.2021 ലെ TCPCTP/404/2021-A3 നമ്പർ കത്ത്.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 24.03.2021 ലെ GE11/A/1242നമ്പർ കത്ത്.

ഉത്തരവ്

നഗരഗ്രാമാസൂത്രണ വകുപ്പിൽ ടൗൺ പ്ലാനർ തസ്തികയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് 29.05.2020 പൂർവാഹ്നം മുതൽ തിരുവനന്തപുരം ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.ജയശ്രീ.വി.കെ , ടി തസ്തികയിലെ നിരീക്ഷണ കാലയളവായ തുടർച്ചയായ ഒരു വർഷത്തിൽ 6 മാസത്തെ സേവനം 28.11.2020 അപരാഹ്നം പൂർത്തിയായിട്ടുള്ളതായും നിരീക്ഷണ കാലയളവിലെ ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാളുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടിയോ ഇല്ലായെന്നും ടിയാളുടെ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു..

2.നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന അവധികളൊന്നും ടിയാൾ വിനിയോഗിച്ചിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 29.05.2020 പൂർവാഹ്നം ടൗൺ പ്ലാനർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീമതി.ജയശ്രീ.വി.കെ-യുടെ ടി തസ്തികയിലെ നിരീക്ഷണകാലം കെ.എസ്.&എസ്.എസ്ആർ റൂൾ 20 (ബി) പ്രകാരം 29.11..2020 പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്.

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീമതി.ജയശ്രീ.വി.കെ, ടൗൺ പ്ലാനർ (മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/100/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ